845
21/3/12

# കേരള സർക്കാർ

സംഗ്രഹം

ഐ&പി.ആർ.ഡി- വീഡിയോ ഡോക്കുമെന്ററി പ്രോജക്ടുകൾക്ക് നിർമ്മാണാനുമതിയും മുൻകൂർ തുക അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (ഇ) വകുപ്പ്

സ.ഉ.(സാ)നമ്പർ 57/11/ഐ&പി.ആർ തിരുവനന്തപുരം, തീയതി 5.02.2011

---

പരാമർശം:-1. 25.11.2010 ലെ സ.ഉ (സാ)നമ്പർ 279/2010/ഐ&പി.ആർ.

2. ഐ&പി.ആർ വകുപ്പിന്റെ തീരുമാനത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള വിവിധ പ്രൊപ്പോസലുകൾ

3. 25.01.2011 ന് കൂടിയ വീഡിയോ ഡോക്കുമെന്ററി/ഡോക്കുമെന്റേഷൻ സെലക്ട് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവു പ്രകാരം നടപ്പു സാമ്പത്തിക വർഷം വീഡിയോ ഡോക്യുമെന്ററി നിർമ്മാണ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കെ.എസ്.എഫ്.ഡി.സി, സി.ഡിറ്റ് മുഖേന നിർമ്മിക്കാൻ ഉദ്ദേശിച്ച് നൽകിയിരുന്ന താൽപര്യപത്ര പ്രകാരം പ്രസ്തുത ഏജൻസികൾ നിർമ്മാണ നടപടികൾ ആരംഭിച്ചുവെന്ന് അറിയിച്ചിട്ടുള്ളവയടക്കമുള്ള പ്രൊപ്പോസലുകൾ വകുപ്പിൽ രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധരുൾപ്പെടുന്ന സെലക്ട് കമ്മിറ്റി പരിശോധിക്കുകയും പരാമർശം മൂന്നു പ്രകാരം ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും വീഡിയോ ചിത്രങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കേണ്ടതുണ്ടെന്നു സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഐ&പി.ആർ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്ന മഹത്‌വ്യക്തികളെക്കുറിച്ചുള്ള ഡോക്കുമെന്ററി/ഡോക്കുമെന്റേഷൻ നിർമ്മാണത്തിനായുള്ള പ്രൊപ്പോസലുകൾ എന്നിവയിൽ ചുവടെ രേഖപ്പെടുത്തും പ്രകാരം തീരുമാനിച്ച് ഉത്തരവാകുന്നു.

1. വകുപ്പു നിർദ്ദേശത്തെ തുടർന്ന് ശ്രീ.കാക്കനാടനെക്കുറിച്ച് സി.ഡിറ്റ് നിർമ്മിച്ച വീഡിയോ ഡോക്കുമെന്ററി ചിത്രത്തിന് ഐ&പി.ആർ വകുപ്പിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി പ്രതിഫലത്തുക നിശ്ചയിക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു. സി.ഡിറ്റിൽ നിന്നും മാസ്റ്റർ കോപ്പിയും അനുബന്ധ വസ്തുക്കളും ലഭിക്കുന്ന മുറയ്ക്ക് ബിൽ വിശദാംശങ്ങൾ പരിശോധിച്ച് തുക നൽകുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

2. ശ്രീ.കാനായിയെക്കുറിച്ച് ശ്രീ.നേമം പുഷ്പരാജും, ശ്രീമതി.മേദിനിയെക്കുറിച്ച് ശ്രീമതി. സജിത മഠത്തിലും, മലയാള ഭാഷയേയും സാഹിത്യത്തേയും കുറിച്ച് ശ്രീ.തമ്പാനും ഐ&പി.ആർ വകുപ്പിന് സമർപ്പിച്ചിട്ടുള്ള ഡോക്കുമെന്ററി നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾക്ക് ബന്ധപ്പെട്ട നിബന്ധനകൾക്ക് വിധേയമായി നിർമ്മാണാനുമതി നൽകി ഉത്തരവാകുന്നു. പി.ആർ വകുപ്പ് നേരിട്ട് നിർമ്മിക്കുന്ന പ്രസ്തുത ചിത്രങ്ങൾക്കുള്ള പരമാവധി പ്രതിഫലതുക മൂന്നു ലക്ഷമായി നിജപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ചെലവുകൾ പരിശോധിച്ച ശേഷം വകുപ്പിലെ ബന്ധപ്പെട്ട കോസ്റ്റ് കം സെലക്ട് കമ്മിറ്റിയുടെ ശുപാർശപ്രകാരം അന്തിമ പ്രതിഫല തുക നിർണ്ണയിക്കേണ്ടതാണ്. ഇവയുടെ നിർമ്മാണത്തിനായി പരമാവധി അനുവദിക്കാവുന്ന മൂന്നു ലക്ഷം രൂപയുടെ പകുതി തുക അത്രതന്നെ ബാങ്ക് ഗ്യാരന്റിയോടെ ആവശ്യമായ കരാർ ഒപ്പിട്ടശേഷം മുൻകൂർ അനുവദിയ്ക്കുന്നതിന് ഉത്തരവാകുന്നു.

3. ഡോ.പി.കെ.ആർ വാര്യരെക്കുറിച്ച് ശ്രീ.കൃഷ്ണനുണ്ണിയും ഡോ.കെ.ജെ. യേശുദാസിനെക്കുറിച്ച് ശ്രീ.വി.ആർ.ഗോപിനാഥും ശ്രീ.കോടോത്ത് മാധവനെക്കുറിച്ച് ശ്രീ.ബിജു.വർമ്മയും ജസ്റ്റീസ്.വി.ആർ.കൃഷ്ണയ്യരെക്കുറിച്ച് ശ്രീ.ശശിധരനും, ഡോ.വർഗ്ഗീസ് കുര്യനെക്കുറിച്ച് ശ്രീ.ജോസഫ് വളക്കുഴിയും കെ.എസ്.എഫ്.ഡി.സി മുഖേന വകുപ്പിന് സമർപ്പിച്ചിരുന്ന ഡോക്കുമെന്ററി നിർമ്മാണത്തിനുള്ള

പ്രൊജക്ടുകൾ അംഗീകരിച്ചും, പ്രസ്തുത ഡോക്കുമെന്ററികളുടെ നിർമ്മാണ ചുമതല കെ.എസ്.എഫ്.ഡി.സി.യെ ഏൽപ്പിച്ചുകൊണ്ടും ഉത്തരവാകുന്നു. നിർമ്മാണാനന്തരം ഇവയുടെ അന്തിമ പ്രതിഫല തുക സെലക്ട് കമ്മിറ്റിയുടെ ശുപാർശകൾക്ക് വിധേയമായി നിശ്ചയിക്കേണ്ടതാണ്. ഇവയുടെ നിർമ്മാണ പ്രതിഫല തുക പരമാവധി മൂന്നു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.എഫ്.ഡി.സിയുമായി കരാർ ഒപ്പിട്ട ശേഷം മതിപ്പ് ചെലവിന്റെ 50 ശതമാനം തുക മുൻകൂർ അനുവദിക്കുന്നതിനും ഉത്തരവാകുന്നു.

4. ശ്രീ.പി.എൻ.പണിക്കരെക്കുറിച്ചുള്ള ഡോക്കുമെന്റേഷൻ പ്രൊജക്ടിന്റെ നിർമ്മാണച്ചുമതല ശ്രീ.സോമശേഖരൻ നായർക്ക് നൽകി ഉത്തരവാകുന്നു. ഐ&പി.ആർ വകുപ്പ് നേരിട്ട് നിർമ്മിയ്ക്കുന്ന പ്രസ്തുത ചിത്രത്തിനു നൽകാവുന്ന പരമാവധി നിർമ്മാണച്ചെലവ് 1.50 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്.ഇതിന്റെ 50 ശതമാനം തുക തുല്യ ബാങ്ക് ഗ്യാരന്റി വാങ്ങിയ ശേഷം മുൻകൂർ അനുവദിക്കാവുന്നതാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ചെലവിന്റെ വിശദാംശങ്ങൾ കോസ്റ്റ് കം സെലക്ട് കമ്മിറ്റി പരിശോധിച്ച് അന്തിമ പ്രതിഫലതുക നിർണ്ണയിക്കേണ്ടതാണ്.

5. ശ്രീ.ഒ.എൻ.വി.കുറുപ്പിനെക്കുറിച്ചുള്ള ഡോക്കുമെന്ററി ചിത്രത്തിന്റെ പ്രൊപ്പോസലുകൾ ശ്രീ.കെ.കെ.ചന്ദ്രൻ വകുപ്പിന് സമർപ്പിച്ചിരുന്നത് അംഗീകരിച്ചുകൊണ്ടും ഇതിനുള്ള പരമാവധി നിർമ്മാണച്ചെലവ് 2.5 ലക്ഷം രൂപയായി നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുന്നു. ചിത്ര നിർമ്മാണം പൂർത്തിയാകുമ്പോൾ നിർമ്മാണച്ചിലവിന്റെ വിശദാംശങ്ങൾ പരിശോധിച്ച് സെലക്ട് കമ്മിറ്റിക്ക് അന്തിമ തുക നിശ്ചയിക്കാവുന്നതാണ്. ഇതിന്റെ നിർമ്മാണത്തിനായി 1.25 ലക്ഷം രൂപ തുല്യതുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റി വാങ്ങിയശേഷം മുൻകൂർ നൽകുന്നതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള വീഡിയോ ചിത്രങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2220-01-105-98 വീഡിയോ ചിത്ര നിർമ്മാണ ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

വീഡിയോ ചിത്രങ്ങൾക്കുള്ള വർക്ക് ഓർഡർ വകുപ്പിൽ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബന്ധപ്പെട്ട വ്യക്തികൾ/ഏജൻസികൾക്ക് പ്രത്യേകം പ്രത്യേകം നൽകുന്നതിന് ഐ&പി.ആർ. വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷീലാ തോമസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. അഡീഷണൽ ഡയറക്ടർ (ജനറൽ)
2. അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി)
3. ഡെപ്യൂട്ടി ഡയറക്ടർ (വി.സി)
4. ഇൻഫർമേഷൻ ഓഫീസർ (പി&ഡി)
5. ഇൻഫർമേഷൻ ഓഫീസർ (എ.വി.സി)
6. പി.എ ടു പ്രിൻസിപ്പൽ സെക്രട്ടറി
7. പി.എ ടു ഡിപിആർ
8. അക്കൗണ്ട്സ് ഓഫീസർ
9. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്)
10. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ